ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോടുകളുടെയും മറ്റും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 172,93,85,394 രൂപ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് മുഖാന്തിരം ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള തുക അനുബന്ധം I- ൽ കാണാവുന്നതാണ്.*

(ബി) മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് മുഖാന്തിരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിലേയ്ക്ക് 63,16,88,236 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം II -ൽ കാണാവുന്നതാണ്.*

ജലസ്രോതസ്സുകളുടെ സംരക്ഷണം

138 (2347) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

ജലസേചന വകുപ്പ്

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും സുസ്ഥിര സംരക്ഷണവും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് നിലവിൽ ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നത്. ജലസുരക്ഷ ലക്ഷ്യമിട്ട് നദീതടങ്ങളിൽ വരുന്ന ജലസ്രോതസ്സുകളായ കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിന് മുൻഗണന നൽകിവരുന്നു. കുളങ്ങളുടെ സംരക്ഷണത്തിന് Repair Renovation and Restoration of ponds-ൽ ഉൾപ്പെടുത്തിയുള്ള പ്രവൃത്തികളാണ് മുഖ്യമായും ഏറ്റെടുത്തുവരുന്നത്. ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഭൂജലപരിപോഷണം ഉറപ്പുവരുത്തുന്നതിനും നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനുമായി ചെക്ക് ഡാമുകളും നിർമ്മിച്ചുവരുന്നു. ജലം മലിനീകരിക്കാതിരിക്കുന്നതിന്, പ്രത്യേകിച്ച് ഓരുജലം കയറി കുടിവെള്ള സ്രോതസ്സുകൾ ഉപയോഗയോഗ്യമല്ലാതായി മാറാതിരിക്കാൻ തടയണകൾ നിർമ്മിക്കാറുണ്ട്. തടാകങ്ങളുടെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly

കായലുകളുടെയും സംരക്ഷണ-പുനരുദ്ധാരണ പ്രവൃത്തികളും സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നു. CWRDM (സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്) കോഴിക്കോട്, സെസ്സ്-തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിലാണ് സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

കേരള വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ പ്രധാനമായും പുഴകളെയും തടാകങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അവയുടെ സംരക്ഷണം ബന്ധപ്പെട്ട പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനുമാണ്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകിയും മലിനീകരണങ്ങൾ തടയുവാനും കയ്യേറ്റങ്ങൾ ഉണ്ടാകാതെയും സംരക്ഷിക്കുന്നുണ്ട്. ഇതുകൂടാതെ കുടിവെള്ള സ്രോതസ്സുകളായ നദികളും നദീതീരങ്ങളും മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും അതാത് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

വരൾച്ച പ്രതിരോധിക്കുന്നതിനായി ജല സ്രോതസ്സുകളിലെ ജലവിതാനം കുറയുന്നത് തടയുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ ജലവിതാനം ഉയർത്തുന്നതിനു വേണ്ടി തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ ഗാലറിശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

ഭൂജല വകുപ്പ്

സംസ്ഥാന ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജലവകുപ്പ് ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ ചെക്ക് ഡാമുകൾ, അടിയണകൾ തുടങ്ങിയവയും തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഭൂജലത്തിന്റെ ഉപയോഗവും ഉപഭോഗവും നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ജലനിധി

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജല പരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കിണറുകളിലെ point recharge, roofwater harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface-dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ഭൂമിയിലേയ്ക്കിറക്കി ജലസ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലസ്രോതസ്സുകളുടെ സംരക്ഷണം

139 (2348) ശ്രീ. കെ. അച്ചുതൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സമഗ്രപാരിസ്ഥിതിക സംരക്ഷണത്തിന് ജലസേചന വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഇതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly